# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 399 **26/06/2014** ൽ മറുപടിക്ക്

## ഐ.ടി.അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, പി. സി. വിഷ്ണുനാഥ്<br>,, എം.എ. വാഹീദ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാന ത്ത് പൊതു വിദ്യാ ഭ്യാസ രംഗ ത്തെ ഐ. ടി. അധിഷ്ഠിത പ്രവർ ത്തനങ്ങ ളുടെ വിപുലീകരണ ത്തി ന് പ ദ്ധതി തയ്യാറാക്കിയിട്ടു ണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്തെ ഐടി അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഐടി അധിഷ്ഠിത പ്രവർത്തനങ്ങൾ ഇപ്പോൾ ഹൈസ്കൂൾതലത്തിലാണ് നിലവിലുള്ളത്. ഇത്ഹയർസെക്കന്ററി മേഖലയിലേ ക്കുകൂടി വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു. 8 മുതൽ 12 വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ ഐസിടി അധിഷ്ഠിത പഠനത്തിനായി തയ്യാറാക്കുന്ന ഡിജിറ്റൽ കണ്ടന്റ് എല്ലാ ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളെയും ബന്ധിപ്പിച്ച് നെറ്റ് വർക്ക് വഴി ലഭ്യമാക്കുന്ന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതി അനുസരി ച്ച് ഏതെല്ലാം മേഖലകളി | ബി) ഐടി ഒരു ലൈഫ് സ്കിൽ എന്ന |

| | | | |
|---|---|---|---|
| | ലാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | | നിലയുള്ള പരിശീലനം കുട്ടികൾക്ക് ലഭിക്കത്തക്ക വിധത്തിലുള്ള പാഠ്യപദ്ധതിയാണ് ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയിട്ടുള്ളത്.(വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) |
| സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ;വിശദമാക്കുമോ; | സി) | എസ്.സി.ഇ.ആർ.ടി,സീ-ഡിറ്റ്, കെൽട്രോൺ എന്നീ ഏജൻസികളുടെ സഹകരണത്തോടെ ഐ.ടി.അറ്റ് സ്കൂൾ പ്രോജക്റ്റാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) | എല്ലാ സ്കൂളുകളിലും വി.പി.എൻ(വിർച്വൽ പ്രൈവറ്റ് കണക്റ്റിവിറ്റി)കണക്റ്റിവിറ്റി, മൾട്ടിമീഡിയാ ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ നിലവിലില്ലാത്ത ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ ലാബുകൾ തുടങ്ങിയ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Husaine Beevi. S.
സെക്ഷൻ ഓഫീസർ

അനുബന്ധം

പൊതു വിദ്യാഭ്യാസ രംഗത്തെ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ വിപുലീകരിക്കാനുദ്ദേശിക്കുന്ന മേഖലകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) **ഐ.ടി അധിഷ്ഠിത ആശയവിനിമയശേഷികൾ:** സുരക്ഷിത കമ്പ്യൂട്ടർ ഉപയോഗം, ഫയൽ മാനേജ്മെന്റ്, ടൈപ്പിംഗ് (ഇംഗ്ലീഷ്, മലയാളം), വേഡ് പ്രോസസ്സിംഗ്, ഇ മെയിൽ, വെബ് അധിഷ്ഠിത ശേഷികൾ, സോഷ്യൽ നെറ്റ് വർക്കുകൾ, പ്രസന്റേഷൻ, സ്പ്രെഡ്ഷീറ്റ് ഗ്രാഫിക് സോഫ്റ്റ് വെയർ തുടങ്ങിയവ കൈകാര്യം ചെയ്യാനുള്ള ശേഷി.

B) **സ്വന്തം പഠനപ്രക്രിയയിൽ ഐ.ടി വിദഗ്ധമായി ഉപയോഗപ്പെടുത്താനുള്ള ശേഷികൾ:** വിവരശേഖരണം, വിശകലനം, റഫറൻസ്, സ്വതന്ത്ര പഠന വിഭവങ്ങളുടെ ഉപയോഗം, പഠനത്തിനും അറിവിന്റെ നിർമ്മാണത്തിനുമുള്ള വിവിധ സാമഗ്രികളുടെ കണ്ടെത്തൽ, ഉപയോഗം, സെമിനാറുകൾ, പ്രോജക്ടുകൾ, അസൈൻമെന്റുകൾ തുടങ്ങിയവ മികച്ച രീതിയിൽ ചെയ്യാനുള്ള കഴിവുകൾ തുടങ്ങിയവ.

C) **തുടർ പഠനമേഖലയോ തൊഴിൽമേഖലയോ കണ്ടെത്താനുള്ള ശേഷികൾ:**

താൽപര്യമുള്ള ആഗോള തൊഴിൽ മേഖലകളും സാധ്യതകളും തിരിച്ചറിയൽ, വെബ് അധിഷ്ഠിതവും അല്ലാത്തതുമായ തുടർപഠന സാധ്യതകൾ, റിസോഴ്സുകൾ ഇവ കണ്ടെത്തൽ, ഓൺലൈൻ അപേക്ഷകളയയ്ക്കൽ, ടെസ്റ്റുകൾ എഴുതൽ, ഓൺലൈൻ ഇന്റർവ്യൂവിൽ പങ്കെടുക്കൽ തൊഴിൽ കണ്ടെത്തൽ ഇവയ്ക്കായി ഐ.സി.റ്റിയെ ഉപയോഗിക്കൽ.

D) **ഐ.സി.ടി മേഖലയിൽ ആനുകാലികമായി ഉണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം മുന്നേറാനുള്ള മനോഭാവവും ശേഷികളും:** പുതിയ പുതിയ ആപ്ലിക്കേഷനുകൾ, പൊതുജീവിതത്തിൽ ഉപയോഗിക്കേണ്ട സാങ്കേതികവിദ്യകൾ, ഇ-ഗവേണൻസ്, ഇ-ലേണിംഗ്, ഇ-കോമേഴ്സ്, ഇ-ബാങ്കിംഗ് ഇ-റീഡിംഗ്, ഇ-സർവ്വീസ് തുടങ്ങിയവ സുരക്ഷിതമായും വിദഗ്ധമായും ഉപയോഗപ്പെടുത്താനുള്ള ശേഷികൾ

E) **ഐ.ടി അധിഷ്ഠിത സർഗാത്മക ശേഷികൾ:** ഐ.ടി മേഖലയിലെ കൂട്ടായ്മകളിലും സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളും ചേർന്ന് സാമൂഹിക പ്രതിബദ്ധതയോടെയും സേവന സന്നദ്ധതയോടെയും സർഗാത്മകത പ്രകടിപ്പിക്കാനും പുതിയ ആശയങ്ങൾ, സൃഷ്ടികൾ ഇവ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും, പ്രവർത്തനങ്ങൾ നടപ്പിലാക്കാനുമുള്ള ശേഷികൾ, പ്രൊപ്രൈറ്ററി - സ്വതന്ത്ര സോഫ്റ്റ്വെയർ രംഗത്തുള്ള പ്രശ്നങ്ങളും സാധ്യതകളും മനസ്സിലാക്കി ഉചിതമായി ഉപയോഗപ്പെടുത്താനുള്ള ശേഷികൾ. ഇവയിൽ a, b മേഖലകളും മേഖലയുടെ ഒരു ഭാഗവും ഉൾക്കൊള്ളുന്ന ശേഷികൾ പതിനൊന്നാം ക്ലാസിലും ബാക്കിയുള്ളവ പന്ത്രണ്ടാം ക്ലാസിലുമായി പരിചയപ്പെടാവുന്നതാണ്.

മേൽസൂചിപ്പിച്ച അഞ്ചുമേഖലകളിൽ ഓരോന്നിലും നേടേണ്ട ശേഷികൾ ലിസ്റ്റുചെയ്യുകയും ഇവ നേടുന്നതിനുള്ള പഠന പ്രവർത്തനങ്ങളുടെ മാതൃക രൂപപ്പെടുത്തുകയും ചെയ്യു.

Usaimi Devi S.